പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2736 28-10-2026-ൽ മറുപടിയ്ക്ക്

റോഡ് റീഫോർമേഷൻ പ്രവൃത്തി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. പ്രവീൺ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾ ജലജീവൻ മിഷൻ പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എടുത്ത കുഴികൾ മൂടി റോഡ് പൂർവ്വ സ്ഥിതിയിലാക്കാത്തതിനാൽ റോഡ് തകരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട്

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതികൾക്ക് വേണ്ടി കുഴിയെടുത്ത എല്ലാ റോഡുകളും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ഭൂരിഭാഗം റോഡുകളും ടാറിങ് നടത്തി പൂർവസ്ഥിതിയിലാക്കിയിട്ടുണ്ട്. ശേഷിക്കുന്നവ പൂർവ്വസ്ഥിതിയിൽ ആക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. റെസ്റ്റോറേഷൻ പ്രവർത്തികൾ പുരോഗമിക്കുന്നു.

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ പാനൂർ-കൂറ്റേരി-കല്ലുവളപ്പ്-കണ്ണവം-കണ്ണങ്കോട് റോഡിൽ ജലജീവൻ മിഷൻ പ്രകാരമുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചതിന് ശേഷം റീഫോർമേഷൻ പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള വാട്ടർ അതോറിറ്റി ചെയ്യണമെന്ന വ്യവസ്ഥയോടെ 2024-ൽ അനുമതി നൽകിയിരുന്നുവെങ്കിലും രണ്ട് വർഷം കഴിഞ്ഞിട്ടും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: Panoor - Kutteri - Kalluvalappu - Kannavam - Kannankod Road നാല് പഞ്ചായത്തുകൾക്കും (Tripangottur, Kunnothuaparamba, Chokli, New Mahe & Panoor Municipality) ഒരു മുനിസിപ്പാലിറ്റിക്കും വേണ്ടിയുള്ള പ്രധാന പൈപ്പ് ലൈൻ പ്രവൃത്തിയാണിത്. പൈപ്പ് ലൈൻ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കഴിഞ്ഞ വർഷങ്ങളിലെ കാലാവസ്ഥയും മറ്റ് അനുബന്ധ ഘടകങ്ങളും പരിഗണിച്ചു പ്രവൃത്തി പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തീകരിച്ച ഇടങ്ങളിൽ കോൺക്രീറ്റ്

പ്രവൃത്തികളും ടാറിങ്ങിനു മുന്നോടിയായുള്ള GSB/WMM പ്രവൃത്തികളും നടന്നു വരുന്നു. പാട്യം പഞ്ചായത്തിൽ ചെറുവാഞ്ചേരി വില്ലേജിൽ കടിവെള്ള വിതരണം നടത്തുന്നതിനായി കണ്ണവം കണ്ണങ്കോട് റോഡിൽ ചെറുവാഞ്ചേരി ടൗണിൽ 500 മീറ്റർ ഒഴികെ ബാക്കി ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. പ്രസ്തുത റോഡിൻറെ berm ഇൽ മാത്രമാണ് പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളത്. അത് യഥാവിധി മൂടിയിട്ടുണ്ട് . ടൗണിൽ റോഡുകൾക്ക് വീതി കുറവായതിനാൽ പഞ്ചായത്തിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പൈപ്പ് ലൈൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുന്നതിനും തകർന്ന റോഡുകളെല്ലാം പൂർവ്വ സ്ഥിതിയിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

മറുപടി: പൈപ്പ് ലൈൻ പ്രവൃത്തികളും, റോഡ് റീസ്റ്റോറേഷൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. GSB / WMM / Tarring / Concrete ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടന്നു വരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി കരാറുകാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ